# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

## <u>പത്രക്കുറിപ്പ്</u>

### <u>എഡിറ്റിംങ് & ലേറ്റ് രജിസ്ട്രേഷൻ</u>

2026-2027 അധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിൻ്റെ നാലാം അലോട്ട്മെന്റിനെ തുടർന്ന്, കോളേജ്/പ്രോഗ്രാം ഓപ്ഷനുകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ തിരുത്തുന്നതിനും പുതുതായി ലേറ്റ് രജിസ്ട്രേഷൻ നടത്തുന്നതിനും **01.08.2026 മുതൽ 03.08.2026** വരെ വിദ്യാർത്ഥികൾക്ക് അവസരമുണ്ടായിരിക്കുന്നതാണ്. അപേക്ഷയിൽ തിരുത്തലുകൾ വരുത്തുകയാണെങ്കിൽ അപേക്ഷ പൂർത്തീകരിക്കേണ്ടതും പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതും അതത് വിദ്യാർത്ഥികളുടെ ഉത്തരവാദിത്തമാണ്..

**<u>എഡിറ്റിംങ്</u>**

01.08.2026 മുതൽ 03.08.2026, 5.00 PM വരെ വിദ്യാർത്ഥികൾക്ക് നേരത്തെ സമർപ്പിച്ച അപേക്ഷയിൽ തെറ്റുകൾ ഉണ്ടെങ്കിൽ തിരുത്തുന്നതിനും ( ഇമെയിൽ ഐഡി , മൊബൈൽ നമ്പർ, പേര് എന്നിവ ഒഴികെ ) പുതിയ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനും സൗകര്യം ഉണ്ടായിരിക്കും.

ഫസ്റ്റ് ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടിയവർ, ലഭിച്ച അല്ലോട്മെന്റിൽ തൃപ്തരായി ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്ത് പ്രവേശനം നേടിയവർ എന്നിവ എന്നിവർ ഉൾപ്പെടെ എല്ലാവർക്കും എഡിറ്റിങ് സൗകര്യം ലഭ്യമായിരിക്കും.

അലോട്മെന്റ് ലഭിച്ച് സർവ്വകലാശാല നിർദേശങ്ങൾ പാലിക്കാതെ വിവിധ ഘട്ടങ്ങളിൽ അല്ലോട്മെന്റിൽ നിന്ന് പുറത്തുപോയ വിദ്യാർഥികൾ എഡിറ്റ് ചെയ്ത് അപേക്ഷ പൂർത്തീകരിച്ചാൽ മാത്രം അല്ലോട്മെന്റുകൾക്ക്/ റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുന്നതായിരിക്കും.

നാലാം അല്ലോട്മെന്റിന് ശേഷം ഹയർ ഓപ്ഷൻ **<u>നിലനിർത്തികൊണ്ട്</u>** വിദ്യാർത്ഥികൾക്ക് സ്ഥിരം അഡ്മിഷൻ എടുക്കാൻ അവസരം ലഭ്യമാക്കിയിട്ടുണ്ട്. ഹയർ ഓപ്ഷനുകൾ നില നിൽക്കുന്നപക്ഷം ടി ഓപ്ഷനുകൾ അടുത്ത അല്ലോട്മെന്റിലേക്ക് പരിഗണിക്കുന്നതായിരിക്കും. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന പക്ഷം പ്രസ്തുത ഹയർ ഓപ്ഷനുകളിൽ ഏതെങ്കിലും ഒന്നിലേക്ക് അലോട്ട്മെന്റ് ലഭിച്ചാൽ ആയത് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. ഇതോടെ മുമ്പ് അലോട്ട്മെന്റ് മുഖേന ലഭിച്ചിരുന്ന അഡ്മിഷൻ നഷ്ടപ്പെടുന്നതും അത് യാതൊരു കാരണവശാലും പുനഃസ്ഥാപിച്ച് നൽകുന്നതുമല്ല.

ഇത് വരെ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർഥികളെ നിലവിലെ അപേക്ഷ പ്രകാരം അഞ്ചാമത്തെ അല്ലോട്മെന്റിലേക്ക്/റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുന്നതായിരിക്കും. എഡിറ്റിങ് സൗകര്യം ഉപയോഗപ്പെടുത്തി അപേക്ഷ പൂർത്തീകരിച്ച മുഴുവൻ വിദ്യാർത്ഥികളെയും പുതുക്കിയ അപേക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും അല്ലോട്മെന്റിലേക്കും റാങ്ക് ലിസ്റ്റിലേക്കും പരിഗണിക്കുക.

**<u>ലേറ്റ് രജിസ്ട്രേഷൻ</u>**

2026-27 അധ്യയന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിനായി 870 രൂപ ലേറ്റ് ഫീയോടുകൂടി ലേറ്റ് രജിസ്ട്രേഷനുള്ള സൗകര്യം **01.08.2026 മുതൽ 03.08.2026** വരെ ലഭ്യമാകും. വെബ്സൈറ്റ് : www.admission.uoc.ac.in. പ്രസ്തുത വിദ്യാർത്ഥികളേയും ഉൾപ്പെടുത്തിയാണ് അടുത്ത അലോട്ട്മെന്റും റാങ്ക് ലിസ്റ്റും പ്രസിദ്ധീകരിക്കുക. അഞ്ചാമത്തെ അലോട്ട്മെന്റിന് -ശേഷം എല്ലാ കോളേജുകളിലേക്കും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും . പിന്നീട് ലേറ്റ് രജിസ്ട്രേഷനുള്ള സൗകര്യം വീണ്ടും ലഭ്യമാക്കുന്നതായിരിക്കും.

Kerala State Arts Festival, NSS, NCC (75% അറ്റൻഡൻസ് ലഭിച്ച സർട്ടിഫിക്കറ്റ്), SPC, Nanmamudra എന്നിവയിൽ +2 തലത്തിൽ സർട്ടിഫിക്കറ്റുള്ളവർക്ക് മാത്രമേ വെയിറ്റേജ് മാർക്കിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. അപേക്ഷയിലെ അപാകതകൾ നിമിത്തം നിലവിലെ അലോട്ട്മെന്റ്/പ്രവേശനം നഷ്ടപ്പെടുകയും തുടർന്നുള്ള പ്രവേശന നടപടികളിൽ നിന്ന് ഒഴിവാക്കുകയും ചെയ്യുന്നതാണ്.

**CU Campus**
**01.08.2026**

**(ഒപ്പ്)**
**ഡയറക്ടർ**